## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6432** **10-11-2021 - ൽ മറുപടിയ്ക്ക്**

## കച്ചേരിപ്പടി മൈതാനത്തിന്റെ പുനരുദ്ധാരണവും സംരക്ഷണവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ കളിസ്ഥലമായി ഉപയോഗിച്ചിരുന്ന കച്ചേരിപ്പടി മൈതാനത്തിന്റെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനും നേരിടുന്ന തടസ്സങ്ങൾ വ്യക്തമാക്കാമോ; | (എ) | കൊച്ചി താലൂക്ക് കുഴിപ്പിള്ളി വില്ലേജിൽ പള്ളിപ്പുറം കച്ചേരി മൈതാനത്തിന്റെ മധ്യഭാഗത്തായിട്ടാണ് ഉപയോഗശൂന്യമായ അവസ്ഥയിൽ നിലവിൽ ഡിസാസ്റ്റർ റിലീഫ് സെന്റർ കെട്ടിടം സ്ഥിതി ചെയ്യുന്നത്. കൂടാതെ പഴയ ഗവൺമെന്റ് ആശുപത്രി കെട്ടിടവും മുനമ്പം പോലീസ് സ്റ്റേഷനും ടി കോമ്പൗണ്ടിലാണ് സ്ഥിതി ചെയ്യുന്നത്. പഴയ ഗവൺമെന്റ് ആശുപത്രി കെട്ടിടത്തിന്റെ തെക്കുഭാഗത്തുകൂടി പഞ്ചായത്ത് റോഡ് കടന്നുപോകുന്നുണ്ട്. മുനമ്പം പോലീസ് സ്റ്റേഷൻ, പഴയ ഗവൺമെന്റ് ആശുപത്രി എന്നീ സ്ഥാപനങ്ങളിലേക്ക് വാഹനങ്ങൾ കടന്നു പോകുന്നത് ടി മൈതാനത്ത് കൂടിയാണ്. കേന്ദ്ര സർക്കാരിന്റെ കീഴിൽ വരുന്ന ഡിസാസ്റ്റർ റിലീഫ് സെന്റർ കെട്ടിടം പൊളിച്ചു നീക്കണമെങ്കിൽ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ അനുമതി വാങ്ങേണ്ടതുണ്ട്. റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലം റോഡ് സൗകര്യം ഉള്ളതിനാൽ സർക്കാരിന്റെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതാണ് കൂടുതൽ അനുയോജ്യമായി കാണുന്നത്. |
| (ബി) | റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത മൈതാനം ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | കൊച്ചി താലൂക്ക് കുഴിപ്പിള്ളി വില്ലേജിൽ പള്ളിപ്പുറം കച്ചേരി മൈതാനത്തിന്റെ മധ്യഭാഗത്തായിട്ടാണ് ഉപയോഗശൂന്യമായ അവസ്ഥയിൽ നിലവിൽ ഡിസാസ്റ്റർ റിലീഫ് സെന്റർ കെട്ടിടം സ്ഥിതി ചെയ്യുന്നത്. കൂടാതെ പഴയ ഗവൺമെന്റ് ആശുപത്രി കെട്ടിടവും മുനമ്പം പോലീസ് സ്റ്റേഷനും ടി കോമ്പൗണ്ടിലാണ് സ്ഥിതി ചെയ്യുന്നത്. പഴയ ഗവൺമെന്റ് ആശുപത്രി കെട്ടിടത്തിന്റെ തെക്കുഭാഗത്തുകൂടി പഞ്ചായത്ത് റോഡ് കടന്നുപോകുന്നുണ്ട്. മുനമ്പം പോലീസ് സ്റ്റേഷൻ, പഴയ ഗവൺമെന്റ് ആശുപത്രി എന്നീ സ്ഥാപനങ്ങളിലേക്ക് വാഹനങ്ങൾ കടന്നു |

| | | | |
|---|---|---|---|
| | | | പോകുന്നത് ടി മൈതാനത്ത് കൂടിയാണ്. കേന്ദ്ര സർക്കാരിന്റെ കീഴിൽ വരുന്ന ഡിസാസ്റ്റർ റിലീഫ് സെന്റർ കെട്ടിടം പൊളിച്ചു നീക്കണമെങ്കിൽ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ അനുമതി വാങ്ങേണ്ടതുണ്ട്. റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലം റോഡ് സൗകര്യം ഉള്ളതിനാൽ സർക്കാരിന്റെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതാണ് കൂടുതൽ അനുയോജ്യമായി കാണുന്നത്. |

സെക്ഷൻ ഓഫീസർ